# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *463 — 20/10/2011 ൽ മറുപടിക്ക്

### ഭക്ഷ്യ ഗോഡൗണുകളിൽ കീടനാശിനി പ്രയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>" കെ.കെ. ജയചന്ദ്രൻ<br>,, ബി. സത്യൻ<br>,, രാജു എബ്രഹാം | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ തുടങ്ങിയ ഗോഡൗണുകളിൽ ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് കീടനാശിനികൾ പ്രയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ യും ബി യും) | ഉണ്ട്.<br>സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകളിലും പൊതുവിതരണത്തി നായുള്ള അരി,ഗോതമ്പ് മുതലായവ സൂക്ഷിക്കുന്ന എഫ്.സി.ഐ ഗോഡൗണുകളിലും ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി , നിയമാനുസൃതമായ രീതിയിൽ കീടനാശിനകൾ ഉപയോഗിക്കുന്നുണ്ട്. മാരകമല്ലാത്ത കീടനാശിനികൾ നിശ്ചിത അളവിൽ വളരെ കരുതലോടെ പരിശീലനം നേടിയ ഉദ്യോഗസ്ഥരുടെ മേൽ നേട്ടത്തിലാണ് പ്രയോഗിക്കുന്നത്. അലുമിനിയം ഫോസ്ഫൈഡ്, മാലത്തിയോൺ 50% ഇ.സി ; ഡി.ഡി.വി.പി 76 % ഇ.സി , ഡെൽറ്റാമെത്രീൻ 2.5% ഡബ്ല്യു.പി തുടങ്ങിയ, കേന്ദ്ര സർക്കാരിന്റെ അനുമതിയുള്ള കീടനാശിനികളാണ് കൃത്യമായ ഡോസേജിൽ ഉപയോഗിക്കുന്നത്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | മാരകമായ കീടനാശിനികൾ നിശ്ചിത അളവിൽ കവിഞ്ഞ് പ്രയോഗിക്കുന്നതിലൂടെയുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (സി) | അലുമിനിയം ഫോസ്ഫൈഡുപോലുള്ള കീടനാശിനികൾ മുകളിൽ പറഞ്ഞ പ്രകാരം ശാസ്ത്രീയമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സംരക്ഷിക്കുന്നതിന് ഉപയോഗിക്കുന്നത്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ഇവയുടെ കാലാവധിയും,ഡോസേജും കർശനമായി പരിശോധിക്കുകയും, ചെയ്യുന്നുണ്ട്. ആയതിനാൽ ഇത്തരം സംരക്ഷക മാർഗ്ഗങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല. |
| (ഡി) | പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ